**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4559** — 25-06-2019 -ൽ മറുപടിക്ക്

## പ്രളയബാധിത പ്രദേശങ്ങളിലെ പുനരധിവാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. റോജി എം. ജോൺ** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയം ഉണ്ടായിട്ട് പത്തുമാസം പിന്നിട്ടിട്ടും പുനരധിവാസ പ്രവർത്തനങ്ങൾ എങ്ങുമെത്തിയിട്ടില്ല എന്നത് വസ്തുതയാണോ ; | എ). | അല്ല. |
| ബി) | പ്രളയത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്നു എന്നത് വസ്തുതയാണോ; തൃശ്ശൂർ, ഇടുക്കി, വയനാട് ജില്ലകളിൽ ക്യാമ്പുകളിൽ കഴിഞ്ഞവരെ മാറ്റിപ്പാർപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; | ബി). | ഇടുക്കി, വയനാട് എന്നീ ജില്ലകൾ ഉൾപ്പടെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞവരെ മാറ്റിപ്പാർപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ക്യാമ്പുകളിൽ കഴിയുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ തയ്യാറാക്കിയിട്ടുണ്ട്. |
| സി) | പ്രളയബാധിതർക്കുള്ള പതിനായിരം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിനു രണ്ട് ദിവസം വീട് വെള്ളത്തിലായിരിക്കണം എന്ന മാനദണ്ഡം കുന്നിൻചെരുവിൽ വീടുകളുള്ള ഇടുക്കി, വയനാട് പോലുള്ള മലയോര ജില്ലകളിലെ ജനങ്ങളോടുള്ള കടുത്ത അനീതിയാണ് എന്ന ആക്ഷേപം പരിഹരിക്കാൻ നടപടികൾ സ്വീകരി ച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്താമോ? | സി) | രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ വീടിന് 75% ത്തിലധികം നാശനഷ്ടം നേരിടുകയോ വീട് പൂർണ്ണമായി തകർന്നുപോകുകയോ ചെയ്ത കുടുംബങ്ങൾക്ക് കേന്ദ്രമാനദണ്ഡ പ്രകാരം 10,000/- രൂപയുടെ അടിയന്തിര ധനസഹായം അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ